# INDIAN SCHOOL AL WADI AL KABIR

| CLASS: X | DEPARTMENT: MALAYALAM | DATE: 10/08/2023 |
|---|---|---|
| Class Note | Lesson: പത്രവാർത്ത | Topic: മാതൃക |

**താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് പത്രവാർത്ത തയ്യാറാക്കുക**

1. (കോട്ടയം ജില്ലയിൽ മോട്ടോർവാഹന വകുപ്പിന് ആറ് ഇലക്ട്രിക് കാറുകൾ ലഭിച്ചു- എൻഫോഴ്സ്മെൻറ് വിഭാഗത്തിനാണ് കാറുകൾ - കളക്റ്ററേറ്റിൽ ചാർജ്സ്റ്റേഷൻ സ്ഥാപിക്കാനാണ് തീരുമാനം - ഒറ്റത്തവണ ചാർജ് ചെയ്താൽ 310 കിലോമീറ്റർ വരെ ഓടാം- വകുപ്പിന് നിലവിൽ ആവശ്യത്തിന് വാഹനങ്ങളില്ല - ഇന്ധനച്ചെലവും പരിസരമലിനീകരണവും കുറയ്ക്കാനാകും)

## വാഹനപരിശോധനയ്ക്കായി ഇലക്ട്രിക് കാറുകൾ

കോട്ടയം: മോട്ടോർവാഹന വകുപ്പിന് ജില്ലയിലെ വാഹന പരിശോധനയ്ക്കായി ആറ് ഇലക്ട്രിക് കാറുകൾ ലഭിച്ചു. എൻഫോഴ്സ്മെൻറ് വിഭാഗത്തിനാണു കാറുകൾ ലഭിച്ചത്. ഇതോടെ വാഹനപരിശോധന ഇനി കൂടുതൽ കാര്യക്ഷമമാകും. നിലവിൽ ജില്ലയിൽ ഇലക്ട്രിക് കാർ ചാർജ് ചെയ്യുന്നതിന് സ്റ്റേഷനുകളില്ലെന്നതാണ് പരിമിതി. ഈ കാറുകൾക്കായി കളക്റ്ററേറ്റിൽ ചാർജ്സ്റ്റേഷൻ സ്ഥാപിക്കാനാണു തീരുമാനം.

ഒറ്റത്തവണ ചാർജ് ചെയ്താൽ 310 കിലോമീറ്റർ വരെ ഓടാമെന്ന് അധികൃതർ പറയുന്നു. 24 മണിക്കൂറും വാഹന പരിശോധനക്ക് ഈ കാറുകൾ ഉപയോഗിക്കാനാവും. നിലവിൽ മോട്ടോർവാഹനവകുപ്പിനു പരിശോധനക്ക് ആവശ്യത്തിനു വാഹനങ്ങളില്ല. ഇന്ധനച്ചെലവിനോടൊപ്പം പരിസരമലിനീകരണവും കുറയ്ക്കാനാകും. പുതുതായി ലഭിച്ച ഇലക്ട്രിക്വാഹനങ്ങൾ ഉപയോഗിച്ച് വാഹനപരിശോധനയും അപകടമേഖലകൾ കേന്ദ്രീകരിച്ച് പട്രോളിങ്ങും കൂടുതൽ കാര്യക്ഷമമായി നടത്തുമെന്ന് കോട്ടയം എൻഫോഴ്സ്മെൻറ് ആർ.ടി.ഒ അറിയിച്ചു.

2. (കോട്ടയത്ത് തിരുവഞ്ചൂർ റോഡിൽ വഴിയരികിൽ അബോധാവസ്ഥയിൽ കിടന്ന വയോധികയെ പോലീസും ജനപ്രതിനിധികളും ചേർന്ന് രക്ഷിച്ചു - മാധ്യമപ്രവർത്തകൻെറ ഇടപെടൽ തുണയായി - ഇന്നലെ പുലർച്ചയാണ് സംഭവം -മഴ നനഞ്ഞു കിടക്കുകയായിരുന്നു വയോധിക - മാധ്യമപ്രവർത്തകൻ പോലീസിനെയും പഞ്ചായത്ത് പ്രസിഡൻറിനെയും വിവരം അറിയിച്ചു - കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആശുപത്രിയിലെത്തിച്ച വയോധികയെ പ്രാഥമിക ചികിത്സ നൽകി ബന്ധുക്കളോടൊപ്പം വിട്ടയച്ചു)

## പ്രഭാതത്തിൽ വഴിയരികിൽ വീണു കിടന്ന വയോധികയ്ക്ക് രണ്ടാം ജന്മം

കോട്ടയം: വഴിയരികിൽ അബോധാവസ്ഥയിൽ വീണുകിടന്ന വയോധികയ്ക്ക് രക്ഷകരായി പോലീസും ജനപ്രതിനിധികളും. ഓർമ്മക്കുറവിനെത്തുടർന്ന് വീടു വിട്ടിറങ്ങിയ വയോധികയ്ക്ക് സുരക്ഷിതമായി വീട്ടിലെത്താൻ തുണയായത് മാധ്യമപ്രവർത്തകൻെറ സമയോചിതമായ ഇടപെടൽ. ഇന്നലെ വെളുപ്പിന് മൂന്നു മണിയോടെ, തിരുവഞ്ചൂർ റോഡിൽ കാഞ്ഞിരക്കാട്ട് ബേക്കറിയുടെ മുന്നിലായിരുന്നു സംഭവം.

ജോലി കഴിഞ്ഞ് ബൈക്കിൽ വീട്ടിലേക്കു പോയ മാധ്യമപ്രവർത്തകനാണ് വയോധിക വഴിയരികിൽ വീണുകിടക്കുന്നത് ആദ്യം കണ്ടത്. ബൈക്ക് നിർത്തി അരികിലെത്തി പരിശോധിച്ചപ്പോൾ മഴ നനഞ്ഞ് തണുത്തു വിറച്ച അവസ്ഥയിലായിരുന്നു വയോധിക. ഉടൻതന്നെ അദ്ദേഹം വിവരം ഈസ്റ്റ് സ്റ്റേഷനിലെ പോലീസിനെയും വിജയപുരം പഞ്ചായത്ത് പ്രസിഡൻറിനെയും അറിയിച്ചു.

സ്ഥലത്തെത്തിയ പോലീസുകാർ പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെ ആംബുലൻസിൽ വയോധികയെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സ നൽകിയ ശേഷം ബന്ധുക്കൾക്കൊപ്പം വിട്ടയച്ചു. കോവിഡ് പശ്ചാത്തലത്തിൽ വളരെ സൂക്ഷ്മതയോടും കരുതലോടും കൂടിയായിരുന്നു എല്ലാവരും ഇടപെട്ടത്.

3. (പാലാ മാന്താടിക്കവലയിൽ നിർമ്മിക്കുന്ന ഖാദി ഉൽപാദനകേന്ദ്രത്തിന് ജില്ലാ പഞ്ചായത്ത് രണ്ടാം ഘട്ടം തുക അനുവദിച്ചു - 22 ലക്ഷം രൂപ വിനിയോഗിച്ച് ആദ്യഘട്ടം പൂർത്തിയായി - നാലു ലക്ഷം രൂപയാണ് പുതിയതായി അനുവദിച്ചിരിക്കുന്നത് - ഇലക്ട്രിക് ജോലികൾ പൂർത്തീകരിച്ച് ഉടനെ പുതിയ കെട്ടിടത്തിലേയ്ക്ക് മാറാം - പതിനഞ്ചോളം വനിതകൾ ജോലി ചെയ്യുന്ന ഖാദി യൂണിറ്റ് വിപുലീകരിക്കുന്നതിന് ഇത് സഹായിക്കും)

## ഖാദി ഉൽപാദനകേന്ദ്രത്തിൻെറ കെട്ടിടനിർമ്മാണം പൂർത്തിയാകുന്നു

പാലാ: ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കിടങ്ങൂർ മാന്താടിക്കവലയിൽ പുതുതായി നിർമ്മിക്കുന്ന ഖാദി ഉൽപാദനകേന്ദ്രത്തിന് രണ്ടാം ഘട്ടം തുക അനുവദിച്ചു. ഖാദിബോർഡിന് സ്വന്തമായുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നത്. 22 ലക്ഷം രൂപ വിനിയോഗിച്ച് 2000 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൻെറ ആദ്യഘട്ടം പൂർത്തിയായി. കെട്ടിടനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ 4 ലക്ഷം രൂപ കൂടി ഡിവിഷൻ ഫണ്ടിൽ നിന്ന് അനുവദിച്ചതായി ജില്ലാ പഞ്ചായത്ത് അറിയിച്ചു.

ഇലക്ട്രിക്ജോലികൾ പൂർത്തീകരിച്ച് പുതിയ കെട്ടിടത്തിലേക്ക് മാറാൻ ഇതോടെ ഖാദിബോർഡിന് സാധിക്കും. പതിനഞ്ചോളം വനിതകൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. പദ്ധതി പൂർത്തിയാവുന്നതോടെ പരിമിതമായ സ്ഥലസൗകര്യത്തിൽ പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

***